**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2573** **04-03-2025 - ൽ മറുപടിയ്ക്ക്**

**ഈസ് ഓഫ് ഡൂയിങ് ബിസിനസ് റാങ്കിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈസ് ഓഫ് ഡൂയിങ് ബിസിനസ് റാങ്കിംഗ് കണക്കാക്കുന്നതിൽ അശാസ്ത്രീയത പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് 2020-ൽ സംസ്ഥാനം കേന്ദ്രത്തിന് കത്തെഴുതുകയുണ്ടായോ; വിശദമാക്കാമോ; | (എ) | വ്യവസായ സൗഹൃദ സൂചിക നിശ്ചയിക്കുന്നതിനുള്ള സ്റ്റേറ്റ് ബിസിനസ് റിഫോം ആക്ഷൻ പ്ലാനിന്റെ വിവിധ പതിപ്പുകളിലൂടെ സംസ്ഥാനങ്ങൾക്ക് നടപ്പിലാക്കാനായി ലഭിക്കുന്ന പരിഷ്കരണ ശുപാർശകളിൽ, കേരളത്തിന് അപ്രായോഗികമെന്ന് തോന്നുന്ന വിഷയങ്ങൾ അതാത് അവസരങ്ങളിൽ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓരോ പതിപ്പിലെയും പരിഷ്കരണ ശുപാർശകൾ ഔദ്യോഗികമായി പുറത്തിറക്കുന്നതിന് മുൻപായി, കേന്ദ്ര സർക്കാർ, പ്രസ്തുത ശുപാർശകളിൻമേൽ എല്ലാ സംസ്ഥാനങ്ങളുടെയും, കേന്ദ്രഭരണ പ്രദേശങ്ങളുടെയും അഭിപ്രായങ്ങൾ തേടാറുണ്ട്. സംസ്ഥാനം എല്ലായ്പ്പോഴും അത്തരം അഭിപ്രായങ്ങൾ സമയബന്ധിതമായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>അതെസമയം, ഇന്ത്യയിലെ അറിയപ്പെടുന്ന പ്രാദേശിക വ്യത്യാസങ്ങൾ കണക്കിലെടുക്കുമ്പോൾ, ഭൂമിശാസ്ത്രപരമായും, മറ്റനവധി ഘടകങ്ങളാലും, ചില സംസ്ഥാനങ്ങൾക്കുള്ള മെച്ചപ്പെട്ട സാഹചര്യങ്ങളെയും, മറ്റുചില സംസ്ഥാനങ്ങൾക്കുള്ള മോശം സാഹചര്യങ്ങളെയും, കണക്കിലെടുത്തുക്കൊണ്ടാവണം, ചില പരിഷ്കരണ ശുപാർശകൾ നടപ്പിലാക്കാനുള്ള നിർദേശം നല്കേണ്ടതെന്ന് കേന്ദ്രത്തോട് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. ഉദാഹരണമായി മേഖല നിർദ്ധിഷ്ട പരിഷ്കാരങ്ങളിൽ, സംസ്ഥാനങ്ങൾക്ക് അവരുടെ ശക്തമായ മേഖലകൾ തിരഞ്ഞെടുത്ത് പരിഷ്കാരങ്ങൾ നടത്താൻ വ്യവസ്ഥ നൽകണമെന്നതുപോലെയുള്ള ആവശ്യങ്ങൾ, കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അതേപോലെ അഭിപ്രായ സർവേയുമായി ബന്ധപ്പെട്ട്, അവയിലൂടെ ലഭിച്ച പ്രതികരണങ്ങളും, അവയുടെ സ്ഥിതി വിവര കണക്കുകളും സംസ്ഥാനങ്ങളുമായി പങ്ക് |

| | | | |
|---|---|---|---|
| | | | വെക്കുന്നതിനുള്ള വ്യവസ്ഥ ചെയ്യുക തുടങ്ങിയ വിഷയങ്ങളും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (ബി) | റാങ്കിംഗ് കണക്കാക്കുന്നതിലുള്ള എന്തൊക്കെ അപാകതകൾ തിരുത്തുന്നതിനാണ് പ്രസ്തുത കത്ത് പ്രകാരം സംസ്ഥാനം കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിരുന്നത്; വിശദമാക്കാമോ; | (ബി) | (എ) പിരിവിനുള്ള മറുപടി കണ്ടാലും |
| (സി) | ഈസ് ഓഫ് ഡൂയിങ് ബിസിനസ് റാങ്കിംഗ് പ്രകാരം നിലവിലെ സംസ്ഥാനത്തിന്റെ റാങ്കിംഗ് എത്രയാണ്; വ്യക്തമാക്കാമോ; | (സി) | സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനിന്റെ 2022-ലെ പതിപ്പിൽ, 22 വകുപ്പുകൾ/ഏജൻസികളിലായി 30 പരിഷ്കരണ മേഖലകളിലായി 352 ആക്ഷൻ പോയിന്റുകൾ ഉണ്ടായിരുന്നു. ഈ പരിഷ്കാരങ്ങളിൽ 261 എണ്ണം ബിസ്സിനസ് കേന്ദ്രീകൃതവും ബാക്കി 91 എണ്ണം പൗരകേന്ദ്രീകൃതവുമായിരുന്നു. ഇപ്രകാരം നടപ്പിൽ വരുത്തിയ പരിഷ്കരണങ്ങളെ തുടർന്ന് ഉപഭോക്താക്കളുമായി നടത്തുന്ന അഭിപ്രായ സർവേയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനങ്ങളുടെ നിക്ഷേപ സൗഹൃദ അന്തരീക്ഷം വിലയിരുത്തപ്പെടുന്നത്. ഇത്തരത്തിൽ സംസ്ഥാനങ്ങളെ വിലയിരുത്തി റാങ്കിങ് അല്ല നിലവിൽ നിശ്ചയിക്കുന്നത്, മറിച്ച് സംസ്ഥാനങ്ങളെ പല വിഭാഗങ്ങളിലായി തരംതിരിക്കുകയാണ് ചെയ്യുന്നത്.<br><br>നൂറ് ശതമാനവും സംരംഭകരിൽ നിന്നുള്ള അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ച 2022-ലെ സൂചികയിൽ, പരിഷ്കരണ മേഖലകളിൽ 95% പോസിറ്റീവ് ഫീഡ്ബാക്ക് സ്കോർ നേടുന്ന സംസ്ഥാനങ്ങളെയാണ് ഡി.പി.ഐ.ഐ.ടി ടോപ്പ് അച്ചീവർ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത്. മേൽ പറഞ്ഞ 30 പരിഷ്കരണ മേഖലകളിൽ, ഒമ്പത് മേഖലകളിൽ കേരളത്തിന് ടോപ്പ് അച്ചീവർ സ്ഥാനം നേടാൻ കഴിഞ്ഞു. രാജ്യത്തിൽ തന്നെ ഏറ്റവുമധികം മേഖലകളിൽ ടോപ്പ് അച്ചീവർ സ്ഥാനം നേടിയ സംസ്ഥാനവും കേരളമാണ്. |
| (ഡി) | നിലവിലുള്ള സർക്കാർ അധികാരമേറ്റത് മുതൽ നാളിതുവരെ സംസ്ഥാനത്താകെ എത്ര പുതിയ വ്യവസായ സംരംഭങ്ങളാണ് ആരംഭിച്ചിട്ടുള്ളത്; വർഷവും ജില്ലയും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ഡി) | നിലവിലെ സർക്കാരിന്റെ കാലത്ത് 2021 മെയ് മാസം മുതൽ 2025 ഫെബ്രുവരി 27 വരെ എം.എസ്.എം.ഇ മേഖലയിൽ ആരംഭിച്ച ആകെ സംരംഭങ്ങളുടെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധം - 1 -ൽ ചേർക്കുന്നു. |
| (ഇ) | പ്രസ്തുത കാലയളവിൽ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചതിനു ശേഷം ലാഭകരമായി തുടർന്ന് നടത്താൻ കഴിയാതെ നിർത്തിപ്പോയ സംരംഭങ്ങളുടെ ആകെ എണ്ണം എത്രയാണ്; ജില്ലയും വർഷവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (ഇ) | സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 2023-24, 2024-25 വർഷങ്ങളിൽ സസ്റ്റൈനബിലിറ്റി (സുസ്ഥിരത) സർവ്വേ നടത്തി ഇന്ത്യയിൽ ഇത്തരം സർവ്വേ നടത്തുന്ന ഏക സംസ്ഥാനം കേരളമാണ്. എം എസ് എം ഇ കളുടെ ആദ്യ വർഷ അടച്ചുപൂട്ടൽ രാജ്യത്ത് 30 |

| | | | |
|---|---|---|---|
| | | | ശതമാനത്തിലധികമാണെന്ന വിലയിരുത്തലിൽ പരമാവധി കേരളത്തിൽ അടച്ചുപൂട്ടൽ കുറയ്ക്കുന്നതിനാണ് ഈ സർവ്വേ. ഇപ്പോൾ ശരാശരി 12% മാത്രമാണ് ആദ്യ വർഷം കേരളത്തിൽ അടച്ചുപൂട്ടുന്നത്. സർവേയുടെ ഭാഗമായി 2022-23ൽ സംസ്ഥാനത്ത് ആരംഭിച്ച 1,39,839 പുതിയ സംരംഭങ്ങളിൽ, ആകെ 35,225 സംരംഭങ്ങളുടെ പ്രവർത്തനം നിലച്ചതായി കാണപ്പെട്ടിട്ടുണ്ട്. 2023-24ൽ സംസ്ഥാനത്ത് ആരംഭിച്ച 1,03,596 പുതിയ സംരംഭങ്ങളിൽ, ആകെ 9,403 സംരംഭങ്ങളുടെ പ്രവർത്തനം നിലച്ചതായി കാണപ്പെട്ടിട്ടുണ്ട്. വ്യവസായ വകുപ്പ് എന്റർപ്രൈസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകൾ മുഖേന നടത്തിയ സുസ്ഥിരത സർവേയുടെ ഭാഗമായി ഫിനാൻസ്; മാർക്കറ്റിംഗ്; ഇൻഫ്രാ; റെഗുലേറ്ററി (ലൈസൻസ്/അംഗീകാരം); ലേബർ; ടെക്നിക്കൽ (സാങ്കേതികം); പ്രൊമോട്ടറുടെ മരണം/വൈകല്യം; മറ്റു കാരണങ്ങൾ എന്നീ കാരണങ്ങൾ മൂലം ആണ് പ്രവർത്തനം അവസാനിപ്പിച്ചതായി കണ്ടെത്തിയിട്ടുള്ളത്. സംരംഭക വർഷം 1.0, സംരംഭക വർഷം 2.0 പദ്ധതികളുടെ ഭാഗമായി അംരംഭിച്ച് പുതിയ സംരംഭങ്ങളുടെയും പ്രവർത്തനം നിലച്ച സംരംഭങ്ങളുടെയും വിവരങ്ങൾ അനുബന്ധം - 2, 3 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം - 1**

| ജില്ല | എം.എസ്.എം.ഇ മേഖലയിൽ ആരംഭിച്ച പുതിയ സംരംഭങ്ങളുടെ എണ്ണം | | | |
|---|---|---|---|---|
| | 2021-22 | 2022-23 | 2023-24 | 2024-25 (ഫെബ്രുവരി 27 വരെ) |
| തിരുവനന്തപുരം | 1344 | 14434 | 10056 | 10494 |
| കൊല്ലം | 1352 | 11985 | 8330 | 8882 |
| പത്തനംതിട്ട | 599 | 5532 | 3675 | 3841 |
| ആലപ്പുഴ | 1047 | 9953 | 7582 | 7963 |
| കോട്ടയം | 1168 | 7958 | 6392 | 6084 |
| ഇടുക്കി | 492 | 4112 | 3403 | 3556 |
| എറണാകുളം | 1202 | 14128 | 10437 | 11104 |
| തൃശ്ശൂർ | 1679 | 14123 | 9737 | 8958 |
| പാലക്കാട് | 1310 | 12557 | 9323 | 9152 |
| മലപ്പുറം | 1128 | 12427 | 10142 | 10604 |
| കോഴിക്കോട് | 1390 | 12224 | 9614 | 8337 |
| വയനാട് | 259 | 3950 | 2782 | 2847 |
| കണ്ണൂർ | 1225 | 11702 | 7854 | 7360 |
| കാസർഗോഡ് | 208 | 4754 | 4269 | 3586 |
| **ആകെ** | **14403** | **139839** | **103596** | **102768** |

**അനുബന്ധം - 2**

## സംരംഭക വർഷം 1.0

| ക്രമ നം. | ജില്ല | **2022-23** കാലയളവിൽ ആരംഭിച്ച പുതിയ സംരംഭങ്ങൾ | 2023-24 ൽ നടത്തിയ സർവ്വെയിൽ പ്രവർത്തനം നിലച്ചതായി കാണപ്പെട്ട സംരംഭങ്ങൾ |
|---|---|---|---|
| 1 | തിരുവനന്തപുരം | 14,434 | 2,221 |
| 2 | കൊല്ലം | 11,985 | 1,688 |
| 3 | പത്തനംതിട്ട | 5,531 | 900 |
| 4 | ആലപ്പുഴ | 9,953 | 953 |
| 5 | കോട്ടയം | 7,958 | 1,211 |
| 6 | ഇടുക്കി | 4,112 | 692 |
| 7 | എറണാകുളം | 14,128 | 2,594 |
| 8 | തൃശ്ശൂർ | 14,123 | 2,277 |
| 9 | പാലക്കാട് | 12,557 | 1,849 |
| 10 | മലപ്പുറം | 12,428 | 2,040 |
| 11 | കോഴിക്കോട് | 12,224 | 1,803 |
| 12 | വയനാട് | 3,950 | 528 |
| 13 | കണ്ണൂർ | 11,702 | 1,921 |
| 14 | കാസർഗോഡ് | 4,754 | 745 |
| | **ആകെ** | **1,39,839** | **21,422** |

## സംരംഭക വർഷം 2.0

| ക്രമ നം. | ജില്ല | 2023-24 കാലയളവിൽ ആരംഭിച്ച പുതിയ സംരംഭങ്ങൾ | 2024-25 ൽ നടത്തിയ സർവ്വെയിൽ പ്രവർത്തനം നിലച്ചതായി കാണപ്പെട്ട സംരംഭങ്ങൾ |
|---|---|---|---|
| 1 | തിരുവനന്തപുരം | 10,056 | 868 |
| 2 | കൊല്ലം | 8,330 | 806 |
| 3 | പത്തനംതിട്ട | 3,675 | 479 |
| 4 | ആലപ്പുഴ | 7,582 | 408 |
| 5 | കോട്ടയം | 6,392 | 403 |
| 6 | ഇടുക്കി | 3,403 | 281 |
| 7 | എറണാകുളം | 10,437 | 1,094 |
| 8 | തൃശ്ശൂർ | 9,737 | 957 |
| 9 | പാലക്കാട് | 9,323 | 628 |
| 10 | മലപ്പുറം | 10,142 | 904 |
| 11 | കോഴിക്കോട് | 9,614 | 1,088 |
| 12 | വയനാട് | 2,782 | 293 |
| 13 | കണ്ണൂർ | 7,854 | 779 |
| 14 | കാസർഗോഡ് | 4,269 | 415 |
| | **ആകെ** | **1,03,596** | **9,403** |